**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 155** **05-12-2022 - ൽ മറുപടിയ്ക്ക്**

**കാസറഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പി.എം.ജെ.വി.കെ. പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ന്യൂനപക്ഷ മന്ത്രാലയത്തിന്റെ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം സ്കീമിൽ ഉൾപ്പെടുത്തി കാസറഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | **കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ PMJVK പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ 2 സദ്ഭാവന മണ്ഡപങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ചെങ്കള ഗ്രാമപഞ്ചായത്തിലെ 14- ാം വാർഡിൽ അംഗീകരിച്ച പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്. കാസർഗോഡ് ബ്ലോക്ക് പരിധിയിലെ സദ്ഭാവനാമണ്ഡപം പദ്ധതി നടപ്പിലാക്കുന്നതിന് ഉചിതമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം സ്കീമിൽ ജില്ലയിൽ നിലവിൽ അംഗീകാരം ലഭിച്ചതും പ്രവൃത്തി നടന്ന് കൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | **കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ PMJVK പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ 2 സദ്ഭാവന മണ്ഡപങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ചെങ്കള ഗ്രാമപഞ്ചായത്തിലെ 14- ാം വാർഡിൽ അംഗീകരിച്ച പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്. കാസർഗോഡ് ബ്ലോക്ക് പരിധിയിലെ സദ്ഭാവനാമണ്ഡപം പദ്ധതി നടപ്പിലാക്കുന്നതിന് ഉചിതമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചു വരുന്നു.** |
| (സി) | പ്രസ്തുത സ്കീമിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്താൻ കഴിയുന്നത് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളും ജില്ലയ്ക്കുള്ള വിഭവ സ്രോതസ്സ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ? | (സി) | 2022-23 മുതൽ PMJVK Scheme –ന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സ്കീം നടപ്പിലാക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, നൈപുണ്യ വികസനം, കുടിവെള്ളം, ശുചിത്വം, സ്പോർട്സ്, സൗരോർജ്ജം, വനിതാകേന്ദ്രീകൃതം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. ജില്ലയിൽ പദ്ധതികളിൽ ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസലുകൾ ജില്ലാതല കമ്മിറ്റിയും സംസ്ഥാനതല കമ്മിറ്റിയും അംഗീകരിച്ചുകൊണ്ട് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് ആവശ്യമായ തുക കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിലായി വകയിരുത്തുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ